പാഠം 6

# ദൈവമായി നടിക്കുന്നു

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: യെശ. 13; 13:2–22; 14; 24–27.**

**മനഃപാഠവാക്യം: "ഇതാ നമ്മുടെ ദൈവം; അവനെയത്രെ നാം കാത്തിരുന്നത്; അവൻ നമ്മെ രക്ഷിക്കും; അവൻ തന്നെ യഹോവ; അവനെയത്രെ നാം കാത്തിരുന്നത് അവന്റെ രക്ഷയിൽ നമുക്ക് ആനന്ദിച്ചു സന്തോഷിക്കാം" (യെശ. 25:9).**

ഒരു ശുശ്രൂഷകൻ അഹംഭാവത്തെക്കുറിച്ച് ആത്മപരിശോധനാപരമായ ഒരു ദൂത് പ്രസംഗിച്ചു, പ്രസംഗം കേട്ട ഒരു സ്ത്രീ അവനായി കാത്തുനിന്ന് അവൾ വലിയ വിഷമത്തിലാണെന്നും ഒരു വലിയ പാപം ഏറ്റുപറയാനുണ്ടെന്നും പറഞ്ഞു എന്താണ് ആ പാപമെന്ന് ശുശ്രൂഷകൻ ചോദിച്ചു.

അവൾ ഉത്തരം പറഞ്ഞു, അഹംഭാവം എന്ന പാപം കാരണം കുറച്ചു ദിവസങ്ങൾക്കു മുമ്പ് ഞാൻ കണ്ണാടിക്കു മുമ്പിൽ ഒരു മണിക്കൂറോളം ഇരുന്ന് എന്റെ സൗന്ദര്യം ആസ്വദിച്ചു.

ഓ, ശുശ്രൂഷൻ പ്രതികരിച്ചു, "അത് അഹംഭാവം എന്ന പാപമല്ല... അത് ഭാവനയുടെ ഒരു പാപമാണ്!" C.E. Macartney compiled by paul Lee Tan, Encyclopedia of 7700 Illutrations: Signs of the Times p.1100.

ഒരു ശക്തനായ ദൂതന്റെ ഹൃദയത്തിൽ പാപം ജനിച്ചതു മുതൽ, അഹംഭാവം യാഥാർത്ഥ്യത്തിന്റെ അതിരുകളെ മാനിച്ചിട്ടില്ല (മനുഷ്യരിലും ദൂതന്മാരിലും). ആത്മീയ അഹന്ത സൂക്ഷിക്കുന്നവരോളം ഇത് മറ്റെങ്ങും കണ്ടിട്ടില്ല, ഇത്രയധികം ദുഷിക്കപ്പെട്ട സങ്കടകരമായ ഈ ശീലം കാരണം അവരുടെ രക്ഷ കണ്ടെത്താനാകുന്നത് അവർക്ക് പകരമായുള്ള മറ്റൊരാളുടെ പ്രവൃത്തികളിലാണ്.

ഈ ആഴ്ചയിൽ, മറ്റ് കാര്യങ്ങൾക്കിടയിൽ, നാം അഹംഭാവത്തിന്റെയും ആത്മപ്രശംസയുടെയും ഉത്ഭവം കണ്ടെത്തും.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ഫെബ്രുവരി 6 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## രാജ്യങ്ങളുടെ മേൽ നാശം (യെശ. 13).

**യെശയ്യാവിനെ ലേഖകനായി പേരു പറയുന്ന ഒരു തലവാചകം യെശയ്യാവ് 13:1 ൽ ഉണ്ട്. (യെശയ്യാവ് 1:1 ഉം 2:1 ഉം താരതമ്യം ചെയ്യുക).**

അവന്റെ പുസ്തകത്തിന്റെ പുതിയ ഒരു വിഭാഗം തുടങ്ങുന്നതായും തോന്നുന്നു. 13 മുതൽ 23 വരെയുള്ള അദ്ധ്യായങ്ങളിൽ വിവിധ രാജ്യങ്ങൾക്കെതിരെയുള്ള ന്യായവിധിയുടെ അരുളപ്പാട് ഉൾക്കൊണ്ടിരിക്കുന്നു. നമുക്ക് ഒന്നു നോക്കാം. എന്തുകൊണ്ടാണ് രാജ്യങ്ങൾക്കെതിരെയുള്ള പ്രവചനങ്ങൾ ബാബിലോണിൽനിന്നു തുടങ്ങുന്നത്?

യെശയ്യാവ് 10:5-34 നേരത്തെ തന്നെ അസ്സീര്യക്കെതിരെയുള്ള ന്യായവിധി പ്രഖ്യാപിച്ചിരുന്നു. യെശയ്യാവ് 14:24-27 അസ്സീര്യയെ തകർക്കുവാനുള്ള ദൈവത്തിന്റെ പദ്ധതി ചുരുക്കമായി ആവർത്തിച്ചുറപ്പിക്കുമ്പോൾ, 13 മുതൽ 23 വരെയുള്ള അദ്ധ്യായങ്ങൾ മുഖ്യമായും മറ്റു ഭീഷണികൾ നേരിടുന്നു. അതിൽ ഏറ്റവും പ്രധാനം ഒരു ധന്യവും പുരാതനവുമായ സാംസ്കാരികവും മതപരവും രാഷ്ട്രീയവുമായ പൈതൃകം സ്വതവേ ഉണ്ടായിരുന്ന ബാബിലോൺ പിന്നീട് ഒരു വൻശക്തിയായിത്തീരുകയും യെഹൂദയെ കീഴടക്കുകയും നാടുകടത്തുകയും ചെയ്തുവെന്നുള്ളതാണ്. എന്നാൽ യെശയ്യാവിന്റെ കാലത്ത് ബാബിലോൺ ദൈവജനത്തെ ഭീഷണിപ്പെടുത്തും എന്നു പ്രകടമായിരുന്നില്ല. യെശയ്യാവിന്റെ ശുശ്രൂഷാകാലത്ത് ബാബിലോണിനുമേൽ അസ്സീര്യ മേധാവിത്വം വഹിച്ചു. ആ സമയത്ത് തിഗ്ലത്ത് - പിലേസർ III ബാബിലോൺ കയ്യടക്കി പുലു/പുൽ: (2 രാജാ. 15:19; 1 ദിന.വൃ. 5:26 കാണുക) എന്ന പേരിൽ രാജാവായി അസ്സീര്യൻ രാജാക്കന്മാർ നിരവധി തവണ ബാബിലോൺ കയ്യടക്കി (710 ബി.സി., 702 ബി.സി., 689 ബി.സി., 648 ബി.സി.)

എന്നിരുന്നാലും ബാബിലോൺ ആത്യന്തികമായി മേഖലയിലെ മഹത്തായ വൻശക്തിയായി മാറും, യെഹൂദ്യ രാജ്യത്തെ നശിപ്പിക്കുന്ന ശക്തി.

യെശയ്യാവ് 13 ൽ ഭാഷ എത്ര ശക്തമാണ്. എന്തുകൊണ്ടാണ് സ്നേഹവാനായ ഒരു ദൈവം ഈ കാര്യങ്ങൾ അനുവദിക്കുന്നത്? (യെശ. 13:16). ദുഷ്ടതയ്ക്കും പാപത്തിനും എതിരെയുള്ള ദൈവത്തിന്റെ കോപത്തെയും ക്രോധത്തെയും കുറിച്ച് സംസാരിക്കുന്ന ഈ വാക്യങ്ങളും വേദപുസ്തകത്തിലുള്ള സകല വാക്യങ്ങളും പാപത്തിന്റെയും തിന്മയുടെയും ഏറ്റവും മോശമായ പ്രകൃതത്തെക്കുറിച്ചു നമ്മോട് എന്തു പറയുന്നു? സ്നേഹവാനായ ദൈവം ഇപ്രകാരം പ്രതികരിക്കും എന്നത് പാപവും ദുഷ്ടതയും എത്ര ചീത്തയാണെന്നതിന്റെ തെളിവല്ലേ? യെശയ്യാവിലൂടെ ഈ താക്കീതുകൾ സംസാരിക്കുന്നത് യേശുവാണെന്നതു നാം ഓർക്കണം. ക്ഷമിക്കുകയും സൗഖ്യമാക്കുകയും യാചിക്കുകയും പാപികളോട് അനുതപിക്കാൻ ഉപദേശിക്കയും ചെയ്ത അതേ യേശു. ക്രൂശിന്റേതായ കാഴ്ചപ്പാടിൽ. അവിടെ യേശു തന്നെ, ലോകത്തിന്റെ പാപം വഹിച്ചുകൊണ്ട്, മറ്റാരും അതുവരെ സഹിക്കാത്ത കഷ്ടപ്പാടു സഹിച്ചു, രാജ്യത്തിന്റെ പാപങ്ങൾ കാരണം കഷ്ടപ്പെടേണ്ടി വന്ന "നിഷ്കളങ്കരേക്കാളും." ഈ കഠിനമായ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുവാൻ ക്രിസ്തുവിന്റെ ക്രൂശിലെ യാതന എങ്ങനെ സഹായിക്കും?

## പുരാതന മാഹാനഗരമായ ബാബിലോൺ (യെശ. 13:2–22)

626 ബി.സി. യിൽ കല്ദയനായ നാബോപൊളാസർ ബാബിലോണിൽ രാജാവായി അതിന്റെ മഹത്വം പുനഃസ്ഥാപിച്ചു. അങ്ങനെ നവ-ബാബിലോൺ രാജവംശത്തിന് ആരംഭമായി, അവൻ മേദ്യയോടു ചേർന്ന് അസ്സീര്യയെ പരാജയപ്പെടുത്തി. അവന്റെ മകനായിരുന്ന നെബൂഖദ്നേസ്സർ II ആയിരുന്നു യെഹൂദയെ കീഴടക്കുകയും നാടുകടത്തുകയും ചെയ്തത്.

ഒടുവിൽ ബാബിലോൺ നഗരത്തിന്റെ അന്ത്യം എങ്ങനെയാണ്? (ദാനി. 5).

539 ബി.സി.യിൽ, പാർസ്യ രാജാവായ കോരെശ് മേദോ-പേർഷ്യൻ സാമ്രാജ്യത്തിനായി ബാബിലോൺ കീഴടക്കിയപ്പോൾ (ദാനി. 5 കാണുക). ആ നഗരത്തിന് അതിന്റെ സ്വാതന്ത്ര്യം എന്നന്നേക്കുമായി നഷ്ടമായി. 482 ബി.സി. യിൽ XerXes I പാർസ്യ ഭരണത്തിനെതിരെയുള്ള ബാബിലോണിന്റെ വിപ്ലവം മൃഗീയമായി അടിച്ചമർത്തി. അവൻ മുഖ്യ ദേവനായ മർദുക്കിന്റെ പ്രതിമ മാറ്റുകയും ചില കോട്ടകൊത്തളങ്ങളും ക്ഷേത്രങ്ങളും നശിപ്പിക്കയും ചെയ്തു.

331 ബി.സി. യിൽ മഹാനായ അലക്സാണ്ടർ യാതൊരു പോരാട്ടവും ഇല്ലാതെ പാർസ്യരിൽനിന്ന് ബാബിലോൺ കയ്യടക്കി. ബാബിലോണിനെ തന്റെ കിഴക്കൻ തലസ്ഥാനമായി മാറ്റണമെന്ന ഹൃസ്വകാലസ്വപ്നം ഉണ്ടായിട്ടുകൂടി, നിരവധി നൂറ്റാണ്ടുകളിലൂടെ നഗരം ക്ഷയിച്ചുപോന്നു. 198 എ.ഡി. യോടുകൂടി റോമാക്കാരനായ സെപ്റ്റിമസ് സെവേറസ് ബാബിലോണിനെ പൂർണ്ണമായും ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തി. ഇന്നു ചില ഇറാക്കികൾ ആ പുരാതന സ്ഥലത്തിന്റെ ചില ഭാഗങ്ങളിൽ താമസിക്കുന്നു. എന്നാൽ അവർ ആ പട്ടണം പുതുക്കിപ്പണിതിട്ടില്ല. യെശ. 13 ൽ വിവരിക്കുന്ന ബാബിലോണിന്റെ നാശം, യാക്കോബിന്റെ പിൻഗാമികളെ വിടുവിക്കുന്നു (യെശ. 14:1–3). ഇതു സാധ്യമാക്കിയത് 539 ബി.സി. യിലെ കോരെശിന്റെ ജയമാണ്. അവൻ ആ നഗരം നശിപ്പിച്ചില്ലെങ്കിലും, ഇതു ബാബിലോണിന്റെ അന്ത്യമായിരുന്നു.

ബാബിലോണിന്റെ പതനം ഒരു ന്യായവിധിയാണ് (യെശ. 13). നഗരം കീഴടക്കുന്ന യോദ്ധാക്കൾ ദൈവത്തിന്റെ വക്താക്കളാണ് (യെശ. 13:2–5). ന്യായവിധി സമയത്തെ "യഹോവയുടെ ദിവസം" (യെശ. 13:6,9) എന്നു വിളിക്കുന്നു. ദൈവത്തിന്റെ കോപം അത്ര ശക്തമായതുകൊണ്ട് അത് നക്ഷത്രങ്ങളെയും, സൂര്യനെയും ചന്ദ്രനെയും, ആകാശത്തെയും ഭൂമിയെയും ബാധിക്കുന്നു (യെശ. 13:10,13; ന്യായാ. 5). അവിടെ ദെബോറയുടെയും ബാരാക്കിന്റെയും പാട്ടിൽ ദൈവം നടകൊള്ളുമ്പോൾ ഭൂമി കുലുങ്ങുന്നതായും ആകാശം പൊഴിക്കുന്നതായും കാണപ്പെടുന്നു (ന്യായാ. 5:40). നക്ഷത്രങ്ങൾ ഉൾപ്പെടെ പ്രകൃതിയുടെ മൂലകങ്ങൾ ആ വിദേശ മർദ്ദകനെതിരെ പോരാടുന്നതായി ന്യായാ. 5:20,21) ചിത്രീകരിക്കുന്നു.

**അതിന്റെ മഹത്വത്തിന്റെ ഉച്ചകോടിയിൽ ബാബിലോണിൽ ജീവിക്കുന്ന ആരെങ്കിലും യെശ. 13 വായിക്കുന്നതായി ഭാവന ചെയ്യുക, പ്രത്യേകിച്ച് യെശ. 13:19–22 എത്ര മൗഢ്യവും അസാധ്യവുമായി അവ തോന്നിയേനെ! ഇതുവരെ നിവൃത്തിയാകാത്ത മറ്റ് എന്തു പ്രവചനങ്ങളാണ് നമുക്ക് മൗഢ്യവും അസാധ്യവുമായി തോന്നുക? എന്നിരുന്നാലും, അവ അസാധ്യമായി തള്ളിക്കളയുന്നതിൽ, നാം എന്തുകൊണ്ട് വിഡ്ഢികളായിരിക്കും?**

## ഗിരി “രാജാവിന്റെ” പതനം (യെശ. 14)

ദൈവത്തിന്റെ ജനത്തെ സ്വതന്ത്രമാക്കുന്ന (യെശ. 14:1–3) ബാബിലോണിന്റെ പതനത്തിനു (യെശ. 13) പ്രതികരണമായി യെശയ്യാവ് 14:4–23 ബാബിലോൺ രാജാവിനെതിരെ ഒരു ആലങ്കാരികമായ കുത്തുവാക്ക് (മീഖാ. 2:4; ഹബക്കൂക്ക് 2:6) പ്രയോഗിക്കുന്നു. അത് കാവ്യാത്മകമാണ്, അക്ഷരാർത്ഥത്തിലല്ല, അത് ചിത്രീകരിക്കുന്നത് മരിച്ച രാജാക്കന്മാർ അവരുടെ പുതിയ സുഹൃത്തിനെ മൃത്യുലോകത്ത് അഭിവാദ്യം ചെയ്യുന്നതായാണ് (യെശ. 14:9,10). അവിടെ പുഴുക്കളും കൃമികളുമാണ് അവരുടെ മെത്തയും പുതപ്പും (യെശ. 14:11). അവനു മുമ്പുണ്ടായിരുന്ന മറ്റു രാജാക്കന്മാരെ പോലെ, ധിക്കാരിയായ അവനെയും താഴെ കൊണ്ടുവരും എന്നു ദൈവം പറയുന്ന നാടകീയമായ രീതിയാണ് ഇത്. ഇതു മരിച്ചവരുടെ അവസ്ഥയെക്കുറിച്ചുള്ള ഒരു വിവരണമല്ല!

യെശ 14:12–14 എങ്ങനെയാണ് ബാബിലോണിലെ ഒരു രാജാവിന് പ്രയോഗിക്കുക?

ബാബിലോണിലെ രാജാക്കന്മാർക്ക് ആത്മാഭിമാനം കുറവില്ലായിരുന്നു (ദാനി. 4,5). എന്നാൽ “അത്യുന്നതനെപ്പോലെ ആകുക” (യെശ. 14:14) എന്നത് തന്റെ രാജത്വം ആവർത്തിച്ചുറപ്പിക്കേണ്ടതിന് മർദുക് പ്രതിമയുടെ മുമ്പിലേക്കു പോകുന്നതിനു മുമ്പായി രാജാവ് തന്റെ രാജകീയ അടയാളങ്ങളൊക്കെ അഴിച്ചു മാറ്റും. ഒരു ചെറിയ ദേവനെ പോലും മാറ്റിനിർത്തുന്നത് ഭ്രാന്തായും ആത്മഹത്യാപരവുമായി കരുതിപ്പോന്നു.

യെശ. 14 ഉം യെഹ. 28 ഉം ഒരു നഗര ഭരണാധികാരിയുടെ വാനം മുട്ടുന്ന ധാർഷ്ട്യം ചൂണ്ടിക്കാണിക്കുന്നു. അപ്പോൾ ദൈവത്തിന്റെ ലക്ഷ്യങ്ങൾ കൂടുതൽ വ്യക്തമായി വരുന്നു. അഹംഭാവിയായ അധികാരി ഏദെൻ തോട്ടത്തിലുണ്ടായിരുന്നു. അഭിഷിക്തനായ ചിറകുകൊണ്ടു മൂടുന്ന, കെരൂബ് ദൈവത്തിന്റെ വിശുദ്ധ പർവ്വതത്തിൽ ഉണ്ടായിരുന്നു. പാപം അവനിൽ കണ്ടെത്തും വരെ, സൃഷ്ടിക്കപ്പെട്ട സമയം മുതൽ പൂർണ്ണൻ. ദൈവത്താൽ പുറന്തള്ളപ്പെടുകയും അഗ്നിയാൽ നശിപ്പിക്കപ്പെടുകയും ചെയ്യും (യെഹ. 28:12–18). അവന്റെ ദൂതന്മാരോടൊപ്പം സ്വർഗ്ഗത്തിൽനിന്ന് പുറത്താക്കപ്പെട്ട ഒരു ശക്തമായ ജീവിയെക്കുറിച്ച് വെളി. 12:7–9 പറയുന്നു: “ഭൂതലത്തെ മുഴുവൻ തെറ്റിച്ചു കളഞ്ഞ പിശാച്” (വെളി. 12–9) ഹവ്വയെ ഏദെനിൽ വഞ്ചിച്ചവൻ (ഉല്പത്തി 3).

സാത്താന് ഒരു പ്രൗഢമായ ഭാവനയുണ്ട്: “നിന്റെ ഹൃദയം നിഗളിച്ചുപോയി; നീ ദൈവമല്ല മരിക്കുന്നവൻ മാത്രമായിരിക്കെ ഞാൻ ദൈവമാകുന്നു ഞാൻ സമുദ്ര മദ്ധ്യേ ദൈവാസനത്തിൽ ഇരിക്കുന്നു എന്നു പറഞ്ഞു (യെഹെ. 28:2). അവൻ ഒരു ദൈവമല്ല എന്ന് അവൻ മരിക്കാൻ പോകുന്ന രീതി തെളിയിക്കും. ക്രിസ്തുവിന് വിഭിന്നമായി സാത്താൻ ഒരു ഗന്ധകപൊയ്കയിൽ മരിക്കും (വെളി. 20:10)

**യെശ. 14:13,14 നെ മത്തായി 11:29; യോഹ. 13:5; ഫിലി. 2:5–8 എന്നിവയുമായി താരതമ്യം ചെയ്യുക. സാത്താന്റെ സ്വഭാവത്തിനു വിരുദ്ധമായി ഈ വാക്യങ്ങൾ ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ച് എന്താണു നമ്മോടു പറയുന്നത്?**

**സ്വയാധിപത്യത്തിനുള്ള ആഗ്രഹത്തെയും ഗർവ്വിനെയും അഹങ്കാരത്തെയും ദൈവം എങ്ങനെയാണ് വീക്ഷിക്കുന്നത്?**

## സ്വർഗ്ഗത്തിന്റെ പടിവാതിൽ (യെശ. 13,14)

യെശ. 14:12 ൽ വീഴ്ച ഭവിച്ച സാത്താനെതിരെ “അരുണോദയ പുത്രനായ ശുക്രാ” (KJV ലൂസിഫർ) എന്നത് ബാബിലോൺ രാജാവിനെതിരെ ഒരു കുത്തുവാക്കായി പ്രയോഗിച്ചിരിക്കുന്നത് എന്തുകൊണ്ട്? ഒരു കുഞ്ഞ് ജനിച്ച ഉടൻ അതിനെ കൊല്ലാൻ ശ്രമിക്കുന്ന മഹാസർപ്പത്തെ പിശാചായി (വെളി. 12:9) കാണിക്കുന്ന വെളി. 12:1–9 താരതമ്യം ചെയ്യുക. വെളിപ്പാട് 12:5 ലെ ആ പൈതൽ ക്രിസ്തുവാണ്. മഹാസർപ്പം എന്നത് സാത്താനും ഹെരോദാവിനാൽ പ്രതിനിധീകരിക്കപ്പെടുന്ന റോമാ ശക്തിയുമാണ്. സാത്താൻ മനുഷ്യ വക്താക്കളിലൂടെ പ്രവർത്തിക്കുന്നു. ഇതുപോലെ ബാബിലോൺ രാജാവിന്റെയും Tyre ലെ പ്രഭുവിന്റെയും പിന്നിലുള്ള ശക്തി സാത്താനാണ്.

**എന്തുകൊണ്ടാണ് “ബാബിലോണിനെ” പിന്നീട് റോമിനോടും (1 പത്രൊസ് 5:13). വെളിപ്പാടിൽ ഒരു ദുഷ്ടശക്തിയോടും പരാമർശിക്കുന്നതു? (വെളി. 14:8; 16:19; 17:5; 18:2,10,21)?**

അക്ഷരീയ ബാബിലോണിനെ പോലെ റോമും വെളിപ്പാടിലെ “ബാബിലോണും” ദൈവജനത്തെ പീഡിപ്പിക്കുന്ന അഹങ്കാരികളും നിർദ്ദയരായ ശക്തികളാണ് വെളി. 17:6). കാരണം അത് “വിശുദ്ധന്മാരുടെ രക്തം” കുടിച്ചു. അവർ ദൈവത്തിന് എതിരെ മറുതലിക്കുന്നു. “ബാബിലോൺ” എന്നത് ബാബിലോണിയ ഭാഷയിൽ ‘ബാബ് ഇലി’ എന്നാണ്. അതിനർത്ഥം ദേവന്മാരുടെ കവാടം എന്നാണ്. ഉല്പത്തി 11 ജനങ്ങൾ ബാബേൽ ഗോപുരം പണിയുന്നു. അതിന്റെ ഉദ്ദേശ്യം സ്വന്തം ശക്തിയാൽ ദിവ്യമായ തലത്തിലേക്ക് ഉയരുക എന്നതായിരുന്നു.

ഭൂമിയെയും സ്വർഗ്ഗത്തെയും ബന്ധിപ്പിക്കുന്ന ഒരു കോവണിയുടെ സ്വപ്നം കണ്ട യാക്കോബ് വിളിച്ചു പറഞ്ഞു: “ഇതു ദൈവത്തിന്റെ ആലയമല്ലാതെ മറ്റൊന്നല്ല; ഇതു സ്വർഗ്ഗത്തിന്റെ വാതിൽ തന്നെ” (ഉല്പത്തി 28:17). “ദൈവത്തിന്റെ ആലയം” എന്നത് “സ്വർഗ്ഗത്തിന്റെ വാതിൽ” ആകുന്നു; യാക്കോബ് ആ സ്ഥലത്തിന് “ദൈവത്തിന്റെ ആലയം” എന്ന് അർത്ഥമുള്ള “ബേഥേൽ” എന്നു പേരിട്ടു.

“സ്വർഗ്ഗത്തിന്റെ വാതിലും” “ദേവന്മാരുടെ വാതിലും” ദിവ്യതലത്തിലേക്ക് എത്തിച്ചേരാനുള്ള വിഭിന്ന വഴികളാണ്. യാക്കോബിന്റെ കോവണി സ്വർഗ്ഗത്തിൽ ഉത്ഭവിച്ചു, എന്നാൽ ബാബിലോൺ, നിലത്തുനിന്ന് മനുഷ്യരാൽ കെട്ടിപ്പൊക്കിയവയാണ്. ഈ വിഭിന്ന വഴികൾ പ്രതിനിധാനം ചെയ്യുന്നത് രക്ഷയിലേക്കുള്ള തികച്ചും വൈരുദ്ധ്യമായ പാതകളാണ്: മനുഷ്യപ്രവൃത്തികൾക്കെതിരെ ദിവ്യമായി ആരംഭിച്ച കൃപ. എല്ലാ സത്യ മതവും താഴ്മയുള്ള ബേഥേൽ മാതൃക അടിസ്ഥാനമാക്കിയാണ്: “കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്” (എഫെ. 2:8,9). സകല വ്യാജ “മതവും”, നിയമസിദ്ധാന്തം ഉൾപ്പെടെ ബാബിലോൺ മാതൃകയിൽ അധിഷ്ഠിതമാണ്. യേശു പറഞ്ഞ പരീശന്റെയും ചുങ്കക്കാരന്റെയും ഉപമ കാണുക (ലൂക്കൊസ് 18:9–14).

**ഒരു സെൻ മഠത്തിൽ ഏതാനും വർഷങ്ങൾ ചിലവിട്ട കാനഡാക്കാരനായ പാട്ടെഴുത്തുകാരൻ ലിയോനേർഡ് കോഹൻ അഭിമുഖം എടുത്ത ഒരാളോട് പറഞ്ഞു: “ഞാൻ രക്ഷപ്പെട്ടിട്ടില്ല.” എന്തായിരുന്നു അവന്റെ പ്രശ്നം? രക്ഷയെക്കുറിച്ച് അവൻ എന്ത് അറിയണമായിരുന്നു?**

## സീയോന്റെ അന്തിമ വിജയം (യെശ. 24–27)

യെശ. 13–23 ൽ ഒറ്റപ്പെട്ട രാജ്യങ്ങൾക്കെതിരെയുള്ള ദൈവശാസനകളെ തുടർന്ന് യെശ. 24–27 ലോകവ്യാപകമായ തോതിൽ ദൈവത്തിന്റെ ശത്രുക്കളുടെ അന്തിമ തോൽവിയും അവന്റെ ജനത്തിന്റെ വിടുതലും വർണ്ണിക്കുന്നു.

**ഭൂമിയുടെ ശൂന്യതയെക്കുറിച്ചുള്ള യെശ. 24 ലെ വിവരണം എന്തുകൊണ്ടാണ് ക്രിസ്തുവിന്റെ രണ്ടാം വരവിനെ തുടർന്നുള്ള 1000 വർഷങ്ങളിലെ സംഭവങ്ങളുടെ വിവരണംപോലെ ആയിരിക്കുന്നത് (വെളി. 20)?**

യെശ. 13 ലും 14 ലും എന്നപോലെ, അക്ഷരീയ ബാബിലോണിന്റെ ഭാവങ്ങൾ പിന്നീട് വന്ന ശക്തികൾക്കും ബാധകമാണ്. “ബാബിലോണിന്റെ രാജാവ്” പ്രതിനിധീകരിക്കുന്നത് മനുഷ്യഭരണാധികാരികൾ സാത്താനുമായി സംയോജിക്കുന്നതാണ്. അതിനാൽ ബാബിലോൺ വീണുപോയി (യെശ. 21:9) എന്നു പില്കാലത്ത് ആവർത്തിക്കാം (വെളി. 14:8; 18:2). അങ്ങനെ ഒടുവിൽ ആയിരമാണ്ട് വാഴ്ചയ്ക്കു ശേഷം സാത്താൻ നശിപ്പിക്കപ്പെടുന്നു (വെളി. 20:10). അക്ഷരീയ ബാബിലോണിന്റെ നാശം ന്യായവിധിയുടെ “യഹോവയുടെ ദിവസം” (യെശ. 13:6,9), “യഹോവയുടെ വലുതും ഭയങ്കരവുമായ ദിവസം” (യോവേൽ 2:31; മലാഖി 4:5; സെഫ. 1:7) വരുവാനിരിക്കുന്നതേയുള്ളൂ.

സമാനമായി, യെശയ്യാവ് 24 ൽ പ്രവാചകന്റെ ദർശനം ആ കാലത്തിന് അനുയോജ്യമായ അവസ്ഥകളിലൂടെ കടന്നുപോകുന്നു. “സൈന്യങ്ങളുടെ യഹോവ... ചന്ദ്രൻ നാണിക്കയും സൂര്യൻ ലജ്ജിക്കയും ചെയ്യും” (യെശ. 24:23). യെശയ്യാവ് സംശയലേശമെന്യേ ചിന്തിച്ചത് ആ ദർശനം അവനറിയാമായിരുന്ന യെരൂശലേമിനെ ബാധിക്കുമെന്നാണ്. എന്നാൽ വെളിപ്പാട് പുസ്തകം വിശദീകരിക്കുന്നത് അത് വാസ്തവത്തിൽ പുതിയ യെരൂശലേമിൽ നിവൃത്തിയാകുമെന്നാണ് (വെളി. 21:2). “നഗരത്തിൽ പ്രകാശിപ്പാൻ സൂര്യനും ചന്ദ്രനും ആവശ്യമില്ല ദൈവതേജസ്സ് അതിനെ പ്രകാശിപ്പിച്ചു, കുഞ്ഞാട് അതിന്റെ വിളക്കാകുന്നു” (വെളി. 21:23).

**ദൈവം വാസ്തവത്തിൽ ദുഷ്ടന്മാരെ നശിപ്പിക്കുന്നുവോ?**

യെശയ്യാവ് 28:21 നോക്കുക. അവിടെ ദൈവത്തിന്റെ നശീകരണ പ്രവൃത്തിയെ “ആശ്ചര്യപ്രവൃത്തിയായി” പറയുന്നു. കാരണം അവൻ അതു ചെയ്വാൻ ആഗ്രഹിക്കുന്നില്ല, എന്നിരുന്നാലും അത് ഒരു പ്രവൃത്തിയോ ചെയ്തിയോ ആണ്. സ്വയ-നാശത്തിന്റെ വിത്തുകൾ പാപം വഹിക്കുന്നു എന്നത് സത്യമാണ് (യാക്കോബ് 1:15). എന്നാൽ ദൈവത്തിന് ജീവന്റെയും മരണത്തിന്റെയും മേൽ പരമാധികാരം ഉള്ളതുകൊണ്ടും അന്തിമനാശത്തിന്റെ രീതിയും സ്ഥലവും സമയവും അവൻ നിർണ്ണയിക്കുന്നതുകൊണ്ടും (വെളി. 20), അന്ത്യമായി അവൻ പാപത്തിന്റെ ശാപത്തെ അവസാനിപ്പിക്കുന്നത് നിഷ്ക്രിയമായാണ് എന്നു വാദിക്കുന്നതിൽ കാര്യമില്ല.

**നാം യെശയ്യാവ് 24–27 ൽ കാണുന്നതാണ് വേദപുസ്തകത്തിലുടനീളം പ്രതിഫലിച്ചു കാണുന്നത്, എന്തെന്നാൽ ഇപ്പോഴുള്ള നാശമോ, വേദനയോ, യാതനയോ എന്തുതന്നെ ആയാലും അന്ത്യത്തിൽ ദൈവവും നന്മയും തിന്മയ്ക്കുമേൽ ജയം പ്രാപിക്കും. അങ്ങനെയാകുമ്പോൾ, നമുക്ക് ആ അന്തിമ വിജയത്തിൽ പങ്കാളിയാകണമെങ്കിൽ നമുക്കു ചെയ്യാവുന്ന ഏക കാര്യം എന്താണ്? (സദൃശ. 3:5–7; റോമർ 10:9).**

## കൂടുതൽ പഠനം:

“നമുക്ക് രക്ഷ ലഭിക്കുന്നത് വ്യവസ്ഥകളിലൂടെയാണോ? നാം ക്രിസ്തുവിലേക്കു വരുന്നത് ഒരിക്കലും വ്യവസ്ഥകളിലൂടെയല്ല. അങ്ങനെ നാം ക്രിസ്തുവിലേക്കു വരികയാണെങ്കിൽ, പിന്നെ എന്താണ് വ്യവസ്ഥ? വ്യവസ്ഥ എന്തെന്നാൽ ജീവനുള്ള വിശ്വാസത്താൽ നാം പൂർണ്ണമായും സമസ്തവും ക്രൂശിക്കപ്പെട്ടതും ഉയർത്തെഴുന്നേറ്റവനുമായ ഒരു രക്ഷകന്റെ രക്തത്തിന്റെ യോഗ്യതയെ മുറുകെപ്പിടിക്കുന്നു. അതിനുശേഷം നീതിയുടെ പ്രവൃത്തികൾ ചെയ്യുന്നു. എന്നാൽ ദൈവം നമ്മുടെ ലോകത്തിലെ പാപിയെ വിളിക്കയും ക്ഷണിക്കയും ചെയ്യുമ്പോൾ, അവിടെ വ്യവസ്ഥകൾ ഒന്നുമില്ല. ക്രിസ്തുവിന്റെ ക്ഷണത്താൽ അവൻ ആകർഷിക്കപ്പെടുന്നു. മാത്രമല്ല ദൈവത്തിങ്കലേക്കു വരുന്നതിന് ഇപ്പോൾ പ്രതികരിക്കുകയും വേണം. പാപി വന്ന് കാൽവരിയിൽ ഉയർത്തപ്പെട്ട ക്രിസ്തുവിനെ വീക്ഷിക്കയും ചെയ്യുമ്പോൾ, അവന്റെ മനസ്സിൽ തോന്നിപ്പിക്കുന്നത് ചിന്താതീതമായ ദൈവസ്നേഹമാണ്.” E.G. White, Manusript Releases Vol 6, p. 32.

**ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ:**

1. **എലൻ ജി. വൈറ്റിൽ നിന്നുള്ള മുകളിലെ ഉദ്ധരണിയിൽ നോക്കുക; അത് ബുധനാഴ്ചയിലെ പഠനത്തിന്റെ പശ്ചാത്തലത്തിൽ വായിക്കുക. അവിടെ അവൾ നമ്മോട് എന്താണു പറയുന്നത്? അവളുടെ പ്രസ്താവനയിൽ ക്രിസ്തീയ നടപ്പിന്റെ രണ്ടു ഘടകങ്ങളുമുണ്ട്. വിശ്വാസവും പിന്നെ പ്രവൃത്തികളും. അവ തമ്മിൽ എങ്ങനെയാണ് അവർ വേർതിരിക്കുന്നത്?**

2. **അഹങ്കാരവും അഹംഭാവവും എന്തുകൊണ്ടാണ് അപകടകരമായ പാപങ്ങൾ ആയിരിക്കുന്നത്? എന്തുകൊണ്ടാണ് അവ ഉപേക്ഷിക്കാൻ ഇത്ര ബുദ്ധിമുട്ട്? അവ ഉപേക്ഷിക്കാനുള്ള ആവശ്യത്തിന് അതിന്റെ പ്രകൃതം കൊണ്ടുതന്നെ അവ മനുഷ്യരെ അന്ധരാക്കുന്നതുകൊണ്ടായിരിക്കുമോ? എന്തായാലും നിങ്ങൾ അഹംഭാവി ആണെങ്കിൽ, നിങ്ങൾക്കു കുഴപ്പമൊന്നുമില്ല എന്നു നിങ്ങൾ ചിന്തിക്കുന്നു. നിങ്ങൾക്കു കുഴപ്പമൊന്നുമില്ല എന്നു നിങ്ങൾ ചിന്തിക്കുകയാണെങ്കിൽ പിന്നെ മാറ്റം വരുത്തുവാൻ ക്ലേശിക്കണം? എങ്ങനെയാണ് ക്രൂശിനെയും അതു പ്രതിനിധീകരിക്കുന്നതിനെയും (ഏതൊരു വ്യക്തിയെയും രക്ഷപ്പെടുത്തുവാനുള്ള ഒരേയൊരു മാർഗ്ഗം) കുറിച്ച് ധ്യാനിക്കുന്നത്. ഏതൊരാളിലും അഹംഭാവത്തിനും അഹങ്കാരത്തിനുമുള്ള ഒരു ശക്തമായ പ്രതിവിധി ആയിരിക്കുന്നത്?**

3. **മറ്റ് രാജ്യങ്ങളിലുള്ള ജനങ്ങൾക്കു യെശയ്യാവ് പ്രത്യാശ കാണുന്നുവോ? (ഉദാഹരണത്തിന് യെശ. 25:3,6 ഉം യെശ. 26:9 ഉം കാണുക. വെളി. 19:9 താരതമ്യം ചെയ്യുക).**

**സംഗ്രഹം: അശ്ശൂരിനെ തുടർന്ന് ബാബിലോൺ യെഹൂദയെ കീഴടക്കുമെന്ന് യെശയ്യാ മനസ്സിലാക്കി. ഈ ലോകത്തിന്റെ അന്ധകാരത്തിന്റെ വാഴ്ചക്കാരായ അമാനുഷികർ (എഫെ. 6:12) ദൈവത്തിന്റെ മനുഷ്യ ശത്രുക്കളിലൂടെ പ്രവർത്തിക്കുകയും ദൈവമായി നടിക്കാൻ ഉദ്ദേശിച്ചാലും ദൈവം വ്യക്തമായി വിജയിക്കുകയും കലുഷിതമായ നമ്മുടെ ഗോളത്തിന് നിത്യസമാധാനം കൊണ്ടുവരികയും ചെയ്യും.**